# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2403 — 23.01.2014-ൽ മറുപടിക്ക്

## ഭവന രഹിതരില്ലാത്ത കേരളം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ:<br>,, പി. കെ. ബഷീർ:<br>,, കെ. എം. ഷാജി:<br>,, കെ. മുഹമ്മദുണ്ണി ഹാജി: | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഭവനരഹിതരില്ലാത്ത കേരള സൃഷ്ടിക്കായി പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ വിശദവിവരം നല്കാമോ; | (എ) ഭവന നിർമ്മാണ വകുപ്പ് മുഖാന്തിരം ഗൃഹശ്രീ ഭവന പദ്ധതി, സാഫല്യം ഭവന നിർമ്മാണ പദ്ധതി, സങ്കേതം ഭവന നിർമ്മാണ പദ്ധതി എന്നിവ നടപ്പാക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതികൾക്ക് പുറമേ നഗരത്തിൽ ജോലി നോക്കുകയും നഗരപ്രാന്തത്തിൽ താമസിക്കാൻ നിർബന്ധിതരാവുകയും ചെയ്യുന്ന പാവപ്പെട്ട തൊഴിലാളി കുടുംബങ്ങൾക്ക് നഗരാതിർത്തിക്കുള്ളിൽ തന്നെ ചുരുങ്ങിയ വാടക നിരക്കിൽ താമസ സൗകര്യം ഒരുക്കുന്ന പദ്ധതിയായ ഇന്നവേറ്റീവ് (അത്താണി) ഭവന നിർമ്മാണ പദ്ധതി പ്രകാരം തൃശ്ശൂരിൽ കുട്ടനെല്ലൂരിലും കോഴിക്കോടും ഫ്ളാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.<br><br>കോഴിക്കോട് ബംഗ്ളാദേശ് കോളനിയിൽ 218 പാവപ്പെട്ട കുടുംബങ്ങൾക്ക് പുതിയ വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ ഭവനരഹിതരായ എല്ലാ വിഭാഗങ്ങളിലുമുള്ള ജനങ്ങൾക്ക് ന്യായമായതും താങ്ങാനാകുന്നതുമായ പലിശ നിരക്കിൽ ഭവന വായ്പ ലഭ്യമാക്കുന്നതിലേയ്ക്കായി 1956 ലെ കമ്പനീസ് ആക്ട് പ്രകാരം പൊതുമേഖലയിൽ കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് രൂപീകരിച്ചിട്ടുണ്ട്.<br><br>ദുർബല വിഭാഗക്കാരും സ്വന്തമായി പാർപ്പിടമില്ലാത്തവരും അനാഥരുമായ കുട്ടികൾ തുടങ്ങിയ വിഭാഗക്കാരുടെ നന്മക്കായി സർക്കാർ വക ഗ്രാന്റ്, പൊതുമേഖലാ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, വ്യക്തികൾ, വിദേശ |

മലയാളികൾ എന്നിവരിൽ നിന്നുള്ള സംഭാവനകൾ എന്നിവ സ്വീകരിച്ചുകൊണ്ട് ഒരു ഷെൽട്ടർ ഫണ്ട് രൂപീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു.

(ബി) ദരിദ്ര വിഭാഗത്തിനായുള്ള അനേകം സൗജന്യ ഭവന പദ്ധതികൾ വിവിധ വകുപ്പുകളുടെ കീഴിൽ വർഷങ്ങളായി നടപ്പിലാക്കി വരുന്നുണ്ടെങ്കിലും, ഇപ്പോഴും അഞ്ചു ലക്ഷത്തിലേറെ കുടുംബങ്ങൾ സ്വന്തം ഭവനമില്ലാത്തവരായി തുടരേണ്ടി വരുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ലാന്റ് റവന്യൂ കമ്മീഷണറുടെ 26.11.2013 ലെ റിപ്പോർട്ടനുസരിച്ച് സംസ്ഥാനത്ത് സ്വന്തമായി ഭവനമില്ലാത്തവരായി 470606 കുടുംബങ്ങളുണ്ട്. ഇവരിൽ 179210 കുടുംബങ്ങൾ സ്വന്തമായി ഭൂമിയുമില്ലാത്തവരാണ്. പാർപ്പിട നിർമ്മാണത്തിനനുയോജ്യമായ ഭൂമി താങ്ങാനാകുന്ന വിലയ്ക്ക് ലഭ്യമാകാത്തതും, കെട്ടിട നിർമ്മാണച്ചെലവിലുണ്ടായ വർദ്ധനവ് മൂലം സർക്കാർ നൽകുന്ന തുക ഉപയോഗിച്ച് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തതും അധികമായി വേണ്ടിവരുന്ന തുക കണ്ടെത്തുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും താങ്ങാനാകുന്ന നിരക്കിൽ വായ്പ ലഭ്യമാകാത്തതും ജനസംഖ്യാ വളർച്ചയ്ക്കനുസൃതമായി ഉണ്ടാകുന്ന പുതിയ വീടുകളുടെ ആവശ്യകതയും മറ്റുമാണ് സംസ്ഥാനത്തെ പാർപ്പിടമില്ലായ്മയുടെ മുഖ്യ കാരണങ്ങൾ.

(സി) ഭവന നിർമ്മാണ പദ്ധതി പ്രകാരമുള്ള നിർമ്മാണ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി വിവിധ വകുപ്പുകളുടെ കീഴിലെ വ്യത്യസ്ത പദ്ധതികൾ ഏകോപിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ?

(സി) സംസ്ഥാനത്തെ വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും കീഴിൽ നടപ്പിലാക്കുന്ന ഭവന പദ്ധതികൾ സമന്വയിപ്പിച്ച് സമഗ്ര ഭവന പുനരധിവാസപദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ഏർപ്പെടുത്തുന്നതു സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ ആലോചിക്കുന്നു.

സെക്ഷൻ ഓഫീസർ